# യേശു നല്കുന്ന സ്വാതന്ത്ര്യം

സന്തോഷ് കരുമത്ര

യേശു പറയുന്നു: പുത്രൻ നിങ്ങളെ സ്വതന്ത്രരാക്കിയാൽ നിങ്ങൾ യഥാർത്ഥത്തിൽ സ്വതന്ത്രരാകും (യോഹ 8:36). നമുക്ക് വേണ്ടത് യഥാർത്ഥത്തിലുള്ള സ്വാതന്ത്ര്യമാണ്, സാധാരണ സ്വാതന്ത്ര്യമല്ല. ഈ സ്വാതന്ത്ര്യം നൽകുവാൻ യേശുക്രിസ്തുവിന് മാത്രമേ കഴിയൂ. യേശുക്രിസ്തു സ്വാതന്ത്ര്യം നൽകുന്ന ദൈവമാണ്. അനേകരുടെ ജീവിതം കല്ലറയിൽ നിന്ന് പുറത്തു വന്ന ലാസറിന്റേതു പോലെയാണ്. ലാസറിന്റെ പ്രത്യേകത എന്നു പറഞ്ഞാൽ ശരീരം മുഴുവൻ നാടകൾ കൊണ്ട് കെട്ടപ്പെട്ടിരിക്കുകയാണ്. ജീവനുണ്ടോ എന്നു ചോദിച്ചാൽ ജീവനുണ്ട്, എന്നാൽ ആ ജീവിതം കൊണ്ട് യാതൊരു പ്രയോജനവുമില്ലാത്തവിധം കെട്ടപ്പെട്ടിരിക്കുന്നു. ഇന്ന് അനേകം ദൈവജനങ്ങൾ സമാധാനം നഷ്ടപ്പെട്ട് ദൈവകൃപ നഷ്ടപ്പെടുത്തി അടിമത്വത്തിൽ ജീവിച്ചു കൊണ്ടിരിക്കുകയാണ്. കർത്താവിന്റെ വചനം വ്യക്തമായി പഠിപ്പിക്കുന്നു. യേശുക്രിസ്തു യഥാർത്ഥത്തിൽ നമ്മെ വിടുവിക്കുന്ന ദൈവമാണ്. യേശു നൽകുന്ന സ്വാതന്ത്ര്യം അനുഭവിക്കുവാൻ നമുക്ക് ആത്മാർത്ഥമായി ആഗ്രഹിച്ച് പ്രാർത്ഥിക്കാം.

യേശു ഈ ലോകത്തിലേക്ക് വന്നതിന്റെ പ്രധാന ഉദ്ദേശ്യം ഉൽപ്പത്തിയുടെ പുസ്തകത്തിൽ നാം വായിക്കുന്നു. ദൈവം മനുഷ്യന് കൊടുത്ത അധികാരവും, ആധിപത്യവും ആദി മനുഷ്യനായ ആദത്തെ വഞ്ചനയിലൂടെ അനുസരണക്കേട് കാണിപ്പിച്ച് വഞ്ചനയിലൂടെ പിശാച് കയ്യിലെടുത്തു. സാത്താൻ കയ്യിലൊതുക്കിയ ഈ അധികാരത്തെ തിരിച്ചുപിടിക്കുവാൻ ദൈവം മനുഷ്യനായി ഭൂമിയിൽ അവതരിച്ചു. 1 യോഹ 3:8 ൽ വായിക്കുന്നു. ദൈവപുത്രനായ യേശുക്രിസ്തു ഭൂമിയിൽ പ്രത്യക്ഷനായത് പിശാചിന്റെ പ്രവർത്തികളെ നശിപ്പിക്കുന്നതിനുവേണ്ടിയാണ്. ഗ്രീക്കിൽ ഈ വാക്കിന് നശിപ്പിക്കുക എന്നർത്ഥമുള്ള 'കർത്താർജിയോ എന്ന പദമാണ് ഉപയോഗിച്ചിരിക്കുന്നത്. യേശു തന്റെ കാൽവരിയിലെ ബലിയിലൂടെ സാത്താന്റെ ആധിപത്യങ്ങളെ നശിപ്പിച്ചു. നമ്മുടെ ശത്രുവായ സാത്താൻ പരാജയപ്പെട്ടു എന്ന സത്യം തിരിച്ചറിഞ്ഞെങ്കിലേ വിജയകരമായ ആത്മീയ ജീവിതം നയിക്കുവാൻ നമുക്ക് ഓരോരുത്തർക്കും സാധിക്കുകയുള്ളൂ.

ഹെബ്രാ 2: 14–15 – ൽ വായിക്കുന്നു. മക്കൾ ഒരേ മാംസത്തിലും രക്തത്തിലും ഭാഗഭാഗാക്കുന്നതുപോലെ യേശുക്രിസ്തുവും നമ്മെപോലെ രക്ത ശരീരങ്ങൾ സ്വീകരിച്ചു കൊണ്ട് മനുഷ്യനായി വന്നു. ഇന്ന് പലരുടേയും മനസ്സിലുള്ള ഒരു ചോദ്യമാണ് യേശു എന്തിനാണ് മനുഷ്യത്വം സ്വീകരിച്ചത്. ഇതിനു പിന്നിൽ വലിയ ഒരു രഹസ്യമുണ്ട്. യേശു ദൈവമായിട്ടാണ് വന്നിരുന്നതെങ്കിൽ ദൈവത്തിനു മരിക്കാൻ പറ്റുമായിരുന്നില്ല. പിശാചിന്റെ അധികാരത്തെ തകർക്കണമെങ്കിൽ യേശു മരിക്കണമായിരുന്നു. മരണത്തിനു മേൽ അധികാരമുള്ള പിശാചിനെ തന്റെ മരണത്തിലൂടെ യേശുക്രിസ്തു കീഴ്പ്പെടുത്തി. ഇനി നമ്മൾ ആരും പിശാചിനെ ഭയപ്പെടേണ്ടതില്ല. നമ്മൾ കർത്താവിനെ വലുതായി കാണണം. മരണ ഭയത്തോടെ ജീവിത കാലം മുഴുവൻ അടിമത്വത്തിൽ കഴിയുന്നവരെ രക്ഷിക്കുവാൻ വേണ്ടിയാണ് യേശുക്രിസ്തു ഇപ്രകാരം ചെയ്തത്. ഇന്ന് ഒരു പാട് ആളുകൾ മരണ ഭയം എന്ന അടിമത്വത്തിലാണ് ജീവിക്കുന്നത്. പുത്രൻ നിങ്ങളെ സ്വതന്ത്രരാക്കിയാൽ നിങ്ങൾ യഥാർത്ഥത്തിൽ സ്വതന്ത്രരാകും.

ഒരിക്കൽ ഒരു അമ്മയും മകളും പ്രാർത്ഥിക്കുവാൻ കടന്നു വന്നു. മകൾ വളരെ വേദനയോടെ പറഞ്ഞു. എന്റെ അമ്മ വളരെ പുണ്യപ്പെട്ട സ്ത്രീയാണ്. എന്നാൽ ആറുമാസമായി ഞങ്ങളുടെ വീട്ടിലാകെ അസ്വസ്ഥതയാണ്. അമ്മ എപ്പോഴും മരണത്തെക്കുറിച്ച് മാത്രം സംസാരിക്കുന്നു. അതുകൊണ്ട് അമ്മക്ക് സന്തോഷമില്ല. ഈ സമയം അമ്മ പറഞ്ഞു. ഞാൻ ഒരു പാട് പ്രാർത്ഥിക്കുന്നുണ്ട്, എന്നാൽ മരണഭയത്തിൽ നിന്ന് വിടുതൽ ലഭിക്കുന്നില്ല. മകൾ പറഞ്ഞു എന്റെ അമ്മ രാത്രിയിൽ

കിടക്കുമ്പോൾ നീണ്ട് നിവർന്ന് കൈകൾ കൂപ്പിയാണ് കിടക്കുന്നത്. ഉറക്കത്തിലെങ്ങാനും താൻ മരിച്ചാൽ തന്റെ മകൾക്ക് ബുദ്ധിമുട്ടുണ്ടാകാതിരിക്കാനാണ് താൻ അങ്ങനെ ചെയ്യുന്നതെന്ന് അമ്മ പറഞ്ഞു. ഞാൻ ഈ അമ്മച്ചിക്ക് വേണ്ടി പ്രാർത്ഥിച്ചു. യേശുവിന്റെ തിരുരക്തത്തെ വിളിച്ച് പ്രാർത്ഥിക്കുവാൻ പരിശുദ്ധാത്മാവ് പ്രേരിപ്പിച്ചു. ആ നിമിഷം ദൈവത്തിന്റെ കരം അമ്മച്ചിയുടെ മേൽ വന്നു. മരണഭയത്തിന്റെ അടിമത്തത്തിൽ നിന്ന് അമ്മച്ചിക്ക് പൂർണ്ണമായ വിടുതൽ ലഭിച്ചു. ഭയത്തിന്റെ അടിമത്വത്തിൽ നിന്ന് മോചിതരാകാൻ നമുക്കും യേശുവിന്റെ തിരുരക്തത്തെ വിളിച്ച് പ്രാർത്ഥിക്കാം.

യേശുക്രിസ്തു മനുഷ്യനായ അവതരിച്ചത് സാത്താന്റെ എല്ലാ ആധിപത്യങ്ങളിൽ നിന്നും നമ്മെ വീണ്ടെടുത്ത് രക്ഷിക്കുവാനാണ്. എന്നാൽ ഇന്ന് അനേകം ദൈവമക്കളെ പിശാച് വഞ്ചിച്ചു കൊണ്ടിരിക്കുകയാണ്. 2 കോറി 11: 3 – ൽ പറയുന്നു. എന്നാൽ സർപ്പം ഹവ്വായെ തന്ത്രപൂർവ്വം ചതിച്ചതു പോലെ നിങ്ങളുടെ ചിന്തകൾ ക്രിസ്തുവിലുള്ള ലാളിത്യത്തിലും വിശുദ്ധിയിലും നിന്ന് വ്യതിചലിക്കപ്പെടുമോ എന്നു ഞാൻ ഭയപ്പെടുന്നു. പിശാച് ബലവാനല്ല എന്നാൽ അവൻ സൂത്രശാലിയാണ്. പിശാചും പൈശാചികബന്ധനങ്ങളും ഒരു യാഥാർത്ഥ്യമാണ്. എന്നാൽ അതിനെയെല്ലാം തകർക്കുന്ന കർത്താവാണ് നമ്മുടെ യേശുക്രിസ്തു. ഈ വലിയ യാഥാർത്ഥ്യം നമ്മൾ മനസ്സിലാക്കണം. നമ്മുടെ കുടുംബബന്ധങ്ങളിലെ വിള്ളലുകൾക്ക് കാരണം സാത്താന്റെ കുടിലതന്ത്രങ്ങളാണ്. ഈ തലങ്ങളിലെല്ലാം നമ്മൾ യേശുവിന്റെ രക്തത്തെ വിളിച്ച് പ്രാർത്ഥിക്കണം തിരുരക്തത്തിന് സകല ബന്ധനങ്ങളെയും തകർക്കുവാനുള്ള വലിയ ശക്തിയുണ്ട്. നമ്മുടെ കുടുബങ്ങളിലേക്കും നമുക്ക് ലഭ്യമാകേണ്ട വിടുതലിന്റെ മേഖലയിലേക്കും യേശുവിന്റെ തിരുരക്തം ഒഴുകുവാൻ നാം പ്രാർത്ഥിക്കണം.

രക്ഷാകരമായ പദ്ധതിയെക്കുറിച്ച് മുന്നറിയിപ്പ് ദൈവം ആദ്യം കൊടുത്തത് സാത്താന് തന്നെയാണ്. നീയും സ്ത്രിയും തമ്മിലും സ്ത്രീയുടെ സന്തതിയും തമ്മിലും ശത്രുത ഉളവാക്കും. സ്ത്രീയുടെ സന്തതി നിന്റെ തല തകർക്കും.(ഉൽപ്പത്തി 3:15). തല അധികാരത്തെയാണ് സൂചിപ്പിക്കുന്നത്. സ്ത്രീയുടെ സന്തതിയായ യേശുക്രിസ്തു വഞ്ചനയിലൂടെ സാത്താൻ പിടിച്ചെടുത്ത അധികാരത്തെ തകർത്തുകളയും. സ്ത്രീയുടെ സന്തതിയായ യേശുക്രിസ്തു തന്റെ പീഢാസഹനവും കുരിശുമരണവും ഉയിർപ്പും വഴി സാത്താന്റെ അധികാരത്തെ ഇല്ലാതാക്കി. ക്രിസ്തുവിലൂടെ ലഭ്യമായ യഥാർത്ഥ സ്വാതന്ത്ര്യം നമ്മുടെ കുടുബങ്ങളിലേക്ക് ഒഴുകുവാൻ നമുക്ക് പ്രാർത്ഥിക്കാം. പിശാച് പരാജയപ്പെട്ട യാഥാർത്ഥ്യമാണെന്ന് മനസ്സിലാക്കി ക്രിസ്തുവിൽ ജീവിതം കേന്ദ്രീകരിക്കാൻ നമുക്കു ശ്രമിക്കാം.അതിനായി നാമോരോരുത്തരേയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ.